ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റും ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. RKVY പദ്ധതിപ്രകാരം വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, നാളികേരത്തിൽ നിന്നുള്ള മറ്റ് ഉത്പന്നങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 114 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയതായി ജീവനക്കാരെ നിയമിച്ചിട്ടില്ല. ഓഫീസ് പ്രവർത്തനം തുടർന്ന് നടത്തുവാൻ, കരാർ അടിസ്ഥാനത്തിൽ 2 പേരേയും പ്രവർത്തന ക്രമീകരണാർത്ഥം കൃഷി വകുപ്പിൽനിന്ന് ഒരാളേയും നിയമിച്ചിട്ടുണ്ട്.

കൃഷി ഓഫീസർ നിയമനം

139 (4174) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര കൃഷി ഓഫീസിലെ കൃഷി ഓഫീസർ തസ്തിക ഒഴിവുവന്നത് എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഓഫീസിൽ നിലവിലുണ്ടായിരുന്ന കൃഷി ഓഫീസറെ ഏത് മാനദണ്ഡപ്രകാരമാണ് സ്ഥലംമാറ്റി നിയമിച്ചതെന്നു വ്യക്തമാക്കാമോ ;

(സി) പുന്നപ്ര കൃഷി ഓഫീസിൽ സ്ഥിരമായി കൃഷി ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പുന്നപ്ര തെക്ക് കൃഷി ഓഫീസർ ശ്രീമതി എൻ. രമാദേവി 25-6-2015-ൽ സ്ഥലംമാറ്റപ്പെടുകയും പകരം ശ്രീമതി രശ്മി. പി. കെ. ചാർജ്ജെടുക്കുകയും ചെയ്തു. ടിയാൾ 26-6-2015 മുതൽ 30 ദിവസത്തെ അവധിയിൽ പ്രവേശിച്ച സാഹചര്യത്തിൽ ടി ഓഫീസിന്റെ അധികചുമതല പുന്നപ്ര വടക്ക് കൃഷി ഓഫീസർക്ക് നൽകിയിരിക്കുകയാണ്.

(ബി) പൊതു സ്ഥലംമാറ്റചട്ടങ്ങൾ പ്രകാരം കൃഷി ഡയറക്ടറുടെ 15-5-2015 തീയതിയിലെ എസ്.ഡി.(3) 1001/15 നമ്പർ ഉത്തരവ് പ്രകാരമാണ് സ്ഥലംമാറ്റി നിയമിച്ചത്.

(സി) കൃഷി ഓഫീസറുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് കൃഷി ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly